# മഗളവാർത്തക്കാലം
## വചന വിചിന്തനം
### ദനഹാക്കാലം : ഒന്നാം ഞായർ
### ലൂക്കാ 4,14–30

"ആത്മാവിന്റെ ശക്തിയോട് കൂടി ഗലീലിയിലേയ്ക്ക് വന്നവൻ
തുറക്കുന്നത് ഏലിയായുടെ പുസ്തകമാണെങ്കിലും
ആരംഭിക്കുന്നത് ജീവിതദൗത്യമാണ്!"

*"കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്.
ദരിദ്രരെ സുവിശേഷം അറിയിക്കാൻ
അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.
ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും
അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും
കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന്
എന്നെ അയച്ചിരിക്കുന്നു."*

**മരുഭൂമിയിൽ നിന്നും ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞവനായി വരുന്നവൻ തന്റെ ദൗത്യത്തെ വ്യാഖ്യാനിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവുളളവർ ദൗത്യത്തെകുറിച്ച് ബോദ്ധ്യമുളളവരായിരിക്കും!**

പിതാവായ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് പുത്രനായ ദൈവം. പുത്രനായ ദൈവം പിതാവായ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനായി ഈ ഭൂമിയിൽ മനുഷ്യനായി അവതരിച്ചത് പുത്രന്റെ ഇഷ്ടം നിറവേറ്റാനല്ല. മറിച്ച്, പിതാവിന്റെ ഇഷ്ടം നിറവേറ്റാണാണ്. പിതാവായ ദൈവം പുത്രനായ ദൈവത്തെ ഈ ഭൂമിയിലേയ്ക്ക് അയച്ചത് പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യവർഗ്ഗത്തെ പറുദീസായിലേയ്ക്ക് സ്വന്തമാക്കാൻ പാകത്തിന് നിർമ്മലമാക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും വേണ്ടിയാണ്. ഈ ദൗത്യം തന്നെയാണ് ആത്മാവിന്റെ ശക്തിയോട് കൂടെ മരുഭൂമിയിൽ നിന്ന് യാത്രയായവൻ സിനഗോഗിൽ വന്ന് ഏശയ്യ പ്രവാചകന്റെ പുസ്തകം വായിച്ചുക്കൊണ്ട് ഉദ്ധരിക്കുന്നതും.

ക്രിസ്തുവിനെ പിതാവായ ദൈവം ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം പാപം ചെയ്ത് പറുദീസായിൽ നിന്നും സ്ഥാനം നഷ്ടപ്പെട്ട മനുഷ്യകുലത്തെ പറുദീസായിൽ സ്വീകരിക്കാൻ പാകത്തിന് വിശുദ്ധീകരിക്കുക എന്നതാണെങ്കിൽ, ഈ ലക്ഷ്യം നേടിയെടുക്കാനുള്ള അഞ്ച് വസ്തുതകളെ കുറിച്ചാണ് ക്രിസ്തു പങ്കുവയ്ക്കുന്നത്.

1. ദരിദ്രരെ സുവിശേഷം അറിയിക്കുക
2. ബന്ധിതർക്ക് മോചനം സമ്മാനിക്കുക
3. അന്ധർക്ക് കാഴ്ച നൽകുക
4. അടിചമർത്തപ്പെട്ടവർക്ക് സ്വാതന്ത്രം സമ്മാനിക്കുക
5. കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക.

എന്തിന് വേണ്ടിയാണ് ഈ അഞ്ച് കാര്യങ്ങൾ എന്നുചോദിച്ചാൽ "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28-29) എന്ന് ഉദ്ഘോഷിച്ചവന് പറയാനുള്ളത് "ദൈവം മനുഷ്യനായ് ജനിക്കുന്നത് മനുഷ്യനെ ദൈവമാക്കുന്നതിന് വേണ്ടിയാണ്" എന്നുമാത്രമാണ്. മനുഷ്യനെ ദൈവമാക്കുന്നതിന് വേണ്ടി ജനിച്ചവൻ ആദ്യം ചെയ്തത്

പാപത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞവരെ വചനം അറിയിച്ചു എന്നതാണ്. അവന്റെ വചനത്തെ തുറന്ന മനസ്സോടെ സ്വീകരിച്ചവരിൽ സംഭവിച്ച മാറ്റം ബന്ധനങ്ങളിൽ നിന്ന് മോചനം ലഭിച്ചു എന്നതാണ്. പാപത്തിന്റെ ബന്ധനങ്ങളിൽ നിന്ന് മോചനം ലഭിച്ചവർ സ്വന്തമാക്കിയത് ആത്മീയ വെളിച്ചമാണ്. അതുവഴിയായ് എല്ലാവിധ അന്ധകാരത്തിൽ നിന്നും വിടുതലും അടിച്ചമർത്തപ്പെട്ടവർക്കുള്ള സ്വാതന്ത്ര്യവുമാണ്. ഇതിലൂടെ ക്രിസ്തു ചെയ്തത് പിതാവായ ദൈവത്തിന് ഏറ്റവും സ്വീകാര്യമായ ദിനങ്ങൾ പ്രഘോഷിക്കൽ കൂടെയാണ്.

ചുരിക്കത്തിൽ, ദൈവത്തിന്റെ ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടന്റെ ജീവിതദൗത്യം ദരിദ്രരെ സുവിശേഷം അറിയിക്കുക, ബന്ധിതർക്ക് മോചനം സമ്മാനിക്കുക, അന്ധർക്ക് കാഴ്ച നൽകുക, അടിചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം സമ്മാനിക്കുക, കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക എന്നതാണ്. ഇന്ന് ക്രിസ്തു ഈ ദൗത്യം ഭരമേൽപ്പിച്ചിരിക്കുന്നത് നമ്മളെയാണ്. മാമ്മോദീസായിലൂടെ ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരായിട്ടുള്ളവരാണ് നാം. ക്രിസ്തുവിനാൽ അഭിഷേകം ചെയ്യപ്പെട്ടിട്ടുള്ളവരാണ് നാം. എങ്കിൽ, ക്രിസ്തു എവിടെ നിർത്തിയോ അവിടെ നിന്ന് ക്രിസ്തുവിന്റെ ദൗത്യം പിന്തുടരുവാനും പൂർത്തിയാക്കാനും നമ്മുക്ക് സാധിക്കണം! ഈ കാലഘട്ടത്തിൽ, ഇത്രയും വലിയ ദൗത്യത്തെ ചെറിയ പ്രവർത്തിയിലൂടെ പ്രാവർത്തികമാക്കി വലിയ വിശുദ്ധി സ്വന്തമാക്കിയ വി.മദർ തെരേസയെ കുറിച്ച് 26.08.2016 ൽ ദിനപത്രത്തിൽ വന്ന ഒരു അനുഭവം.

**ക്രിസ്തു തന്റെ ദൗത്യത്തെ വ്യാഖ്യാനിക്കുമ്പോൾ വ്യാഖ്യാനിക്കപ്പെടുന്നത് ക്രിസ്തുവിന്റെ ദൗത്യം മാത്രമല്ല. മറിച്ച്, ക്രിസ്തുശിഷ്യരുടേതു കൂടിയാണ്!**

പോളിയോ ബാധിച്ച് ഒരു അനാഥാലയത്തിൽ ഉപേക്ഷിക്കപ്പെട്ട കുട്ടിയായിരുന്ന ഗൗതം ലെവിസ്. എന്നാൽ, പാവങ്ങളുടെ അമ്മ ഗൗതത്തെ കണ്ടെത്തിയപ്പോൾ അവന്റെ ജീവിതം തന്നെ മാറി മറിഞ്ഞു. നടക്കുവാൻ കഴിയാതെ ബുദ്ധിമുട്ടിയിരുന്ന ഗൗതം ഇന്ന് സമാനമായ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ വിമാനം പറത്തുവാൻ പഠിപ്പിക്കുന്ന ജോലി ചെയ്യുന്നു. തന്റെ ജീവിതത്തെ മാറ്റി മറിച്ച അമ്മയുടെ കാരുണ്യം ഏറ്റുവാങ്ങിയ ലക്ഷങ്ങളിൽ ഒന്നായ ഗൗതം തന്റെ ഉയരങ്ങൾ കീഴ്പ്പെടുത്തുവാൻ തന്റെ ജീവിതത്തിനു ആവശ്യമായ കരുതലും സ്നേഹവും നൽകിയത് മദർ തന്നെയാണെന്ന് ഓർമ്മിക്കുന്നു.

മൂന്നു വയസുള്ളപ്പോഴാണ് പോളിയോ ബാധിച്ച ഗൗതത്തെ മദർ തെരേസ തന്റെ ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടു വന്നത്. ആ കാലഘട്ടത്തിൽ പോളിയോ ബാധിച്ചവർക്ക് നടക്കുന്നതിനായി ഇന്നത്തെ പോലെ മികച്ച ക്രച്ചസുകൾ ലഭ്യമല്ലായിരുന്നു. കുഞ്ഞ് ഗൗതം ഏറെ നേരവും നിലത്തുകൂടി ഇഴഞ്ഞാണ് നടന്നിരുന്നത്. തറയിൽ നിന്നും മുകളിലേക്ക് നോക്കുമ്പോൾ തനിക്ക് ചുറ്റുമുള്ള എല്ലാവർക്കും തന്നെക്കാൾ ഉയരം തോനിയിരുന്നതായി ഗൗതം പറയുന്നു. എന്നാൽ, മദർതെരേസയ്ക്ക് അത്ര ഉയരും ഇല്ലായിരുന്നതായി ഗൗതം ഓർക്കുന്നു. പോളിയോ ബാധിച്ച തന്നെ സ്വന്തം അമ്മ വളർത്തുവാൻ ബുദ്ധിമുട്ടായതിനാലാണ് അനാഥാലയത്തിൽ ഏൽപ്പിച്ചത്. മൂന്നു വയസു മുതൽ ഏഴു വയസുവരെ ഗൗതമിനെ നോക്കിയതും പരിചരിച്ചതുമെല്ലാം മദർതെരേസയായിരുന്നു.

തറയിൽ ഇഴഞ്ഞു നീങ്ങിയ ഗൗതമിന്റെ ദിവസങ്ങൾക്ക് മാറ്റം വന്നത് ബ്രിട്ടീഷുകാരിയായ ഡോ. പെട്രീഷിയ ലെവിസ് എന്ന വനിത

മദറിന്റെ അനാഥാലയത്തിലേക്ക് വന്നതുകൊണ്ടാണ്. കുഞ്ഞു ഗൗതമിനെ പെട്രീഷയ്ക്ക് ഏറെ ഇഷ്ടമായിരുന്നു. ഗൗതമിന്റെ പഠനത്തിന് ആവശ്യമായ എല്ലാ സഹായവും താൻ ചെയ്തു നൽകാമെന്ന് പെട്രീഷിയ മദർ തെരേസയോട് പറഞ്ഞു.

എന്നാൽ, ഗൗതമിന് ഒരു അമ്മയെ കൂടി ആവശ്യമുണ്ടെന്ന് മദർതെരേസ പെട്രീഷയോട് പറഞ്ഞു. ഈ വാക്കുകൾ പെട്രീഷയുടെ ഹൃദയത്തിൽ ആഴത്തിൽ പതിച്ചു. അവർ ഗൗതമിനെ ദത്തെടുക്കുവാൻ തീരുമാനിച്ചു. നീണ്ട നിയമപോരാട്ടങ്ങൾക്കവസാനം ഡോ. പെട്രീഷിയ ലെവിസ് തന്നോടൊപ്പം ഗൗതമിനെ പെട്രീഷിയ ബ്രിട്ടണിലേക്ക് കൊണ്ടുപോയി. പോളിയോ ബാധിച്ച ഗൗതമിന് മികച്ച വിദ്യാഭ്യാസം നൽകുവാൻ പെട്രീഷിയ പ്രത്യേകം ശ്രദ്ധിച്ചു. ചാൾസ് രാജകുമാരൻ പഠിച്ച ഹാംഷൈറിലെ പ്രശസ്തമായ സ്കൂളിലാണ് ഗൗതം പഠനം നടത്തിയത്. രാജകുടുംബത്തിലെ കുട്ടികൾ ഉൾപ്പെടെ പ്രശസ്തരായ പലരുടേയും കുട്ടികൾ ഗൗതമിന്റെ തോളിൽ കൈയിട്ട് നടന്നു. സോളന്റ് സർവകലാശാലയിൽ നിന്നും ബിസിനസിൽ ബിരുദം നേടിയാണ് ഗൗതം തന്റെ വിദ്യാഭ്യാസം മികച്ച രീതിയിൽ പൂർത്തീകരിച്ചത്.

ഇന്ന്, ഗൗതം സമാനമായ രീതിയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ വിമാനം പറത്തുവാൻ പഠിപ്പിക്കുന്ന ജോലി ചെയ്യുന്നു. 27-ാം വയസിൽ തന്നെ മകനായി സ്വീകരിച്ച പെട്രീഷിയ ലെവിസ് എന്ന വളർത്തമ്മയ്ക്ക് ഇപ്പോൾ 59 വയസായതായി ഗൗതം പറയുന്നു. മദർതെരേസയുടെ കരുതലിന്റെ തലോടൽ ലഭിച്ച് ജീവിതത്തിൽ വൻ വിജയം നേടിയ ഗൗതം ലെവിസിന്റെ ജീവിതത്തിലൂടെ മദർ തെരേസ കാണിച്ച് തരുന്നത് ക്രിസ്തുവിന്റെ ദൗത്യം എങ്ങനെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കണം എന്നതാണ്. ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവരായി എങ്ങനെ ഗർഭം ധരിച്ച വചനത്തെ പങ്കുവയ്ക്കണം എന്നതാണ്.

**കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു! ഇതൊരു പറുദീസാനുഭവമാണ്...**

ദരിദ്രരെ സുവിശേഷം അറിയിക്കുക, ബന്ധിതർക്ക് മോചനം സമ്മാനിക്കുക, അന്ധർക്ക് കാഴ്ച നൽകുക, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം സമ്മാനിക്കുക, കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക ഇത് ക്രിസ്തുവിനെ പിതാവായ ദൈവം ഭരമേൽപ്പിച്ച ദൗത്യങ്ങളാണ്. ഈ ദൗത്യങ്ങളോട് പുത്രനായ ദൈവം ക്രിയാത്മകമായി പ്രതികരിക്കുന്നത് പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഭിഷേകത്താലാണ്. ഇന്ന്, പരിശുദ്ധാത്മാവായ ദൈവം നമ്മിൽ പറന്നിറങ്ങുന്നുണ്ടെങ്കിൽ, നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം ഉറപ്പിക്കുന്നുണ്ടെങ്കിൽ ഈ ദൗത്യം നമ്മളിലൂടെ അടുത്ത തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടും!

"ഈ ചെറിയവരിൽ ഒരുവന്, ശിഷ്യന് എന്ന നിലയിൽ
ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവനു പ്രതിഫലം
ലഭിക്കാതിരിക്കുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു"

മത്താ 10,42

ഫാ. ജോബി മേനോത്ത്
+91 944 7777 931